# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: എസ്. ഹരികിഷോർ ഐഎഎസ്)**

വിഷയം:- കുടുംബശ്രീ - 2017-18 - വയനാട് ജില്ലയിലെ തിരുനെല്ലി, കണിയാമ്പറ്റ, നൂൽപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൻ പരിപാടി നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയും തുക അനുവദിച്ചും ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന:- 1. 09/10/2017 ലെ ജി.ഒ.(ആർടി)നം. 2526/2017/എസ്.സി.എസ്.റ്റി.ഡി
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 23/11/2017 ലെ പി.എം.1.147950/13 നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ 3991/L/2015/KSHO തീയതി 27/12/2017</u>**

വയനാട് ജില്ലയിലെ തിരുനെല്ലി, കണിയാമ്പറ്റ, നൂൽപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഊരുകളിൽ തിരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേയ്ക്കായി കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പരിപാടി നടപ്പിലാക്കുന്നതിലേയ്ക്കായി 5,68,19,775/- രൂപയുടെ ഭരണാനുമതി നൽകി സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 5,67,47,275/- രൂപ സംസ്ഥാനമിഷന് സൂചന (2) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി അട്ടപ്പാടിയിൽ നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ മാതൃകയിൽ മേൽ പഞ്ചായത്തുകളിലെ ഊരുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയ്ക്കായി സംസ്ഥാനമിഷനിൽ നിന്നും അനുവദിക്കുന്ന തുക ജില്ലാമിഷൻ പ്രത്യേക അക്കൗണ്ടിൽ (ദേശസാൽകൃത ബാങ്ക്) നിക്ഷേപിക്കേണ്ടതാണ്.

2. പദ്ധതിയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച തുകയുടെ 50% ആയിരിക്കും ആദ്യഗഡുവായി അനുവദിക്കുന്നത്. അനുവദിച്ച തുകയുടെ ചെലവ് കൃത്യമായി രേഖപ്പെടുത്തേണ്ടതും വൗച്ചറുകളും ബില്ലുകളും പ്രത്യേകമായി തന്നെ സൂക്ഷിക്കേണ്ടതുമാണ്.

3. ജില്ലാമിഷന് അനുവദിച്ച തുകയുടെ 80% വിനിയോഗിച്ച വിനിയോഗ സാക്ഷ്യപത്രം ഉൾപ്പടെ ചെലവ് വിവരങ്ങൾ സംസ്ഥാനമിഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതും രണ്ടാംഗഡുവിന് അപേക്ഷ നൽകേണ്ടതുമാണ്. ഇത് പരിശോധിച്ച് സംസ്ഥാനമിഷൻ രണ്ടാംഗഡു അനുവദിക്കുന്നതായിരിക്കും.

4. കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കുന്നത് പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളാണെന്ന് ജില്ലാമിഷൻ ഉറപ്പുവരുത്തേണ്ടതാണ്. ഓരോ മാസവും പ്രതീക്ഷിക്കുന്ന ചെലവുകളുടെ 50% തുക അയൽക്കൂട്ടങ്ങൾക്ക് മുൻകൂറായി നൽകുകയോ അല്ലെങ്കിൽ എല്ലാ മാസവും ചെലവായ തുക തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുമ്പ് ബില്ലുകളും വൗച്ചറുകളും ലഭ്യമാക്കി അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടിലേയ്ക്ക് ഓൺലൈൻ വഴി മാത്രം ചെയ്യേണ്ടതാണ്. മുൻകൂറായി ആണ് തുക അനുവദിക്കുന്നതെങ്കിൽ ബില്ലുകളും വൗച്ചറുകളും സഹിതം തുക യഥാമസയം ക്രമപ്പെടുത്തേണ്ടതാണ്. കഴിയുന്നത്ര വരവ് ചെലവുകൾ ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ വഴി നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

5. ജില്ലാകളക്ടർ ചെയർമാൻ, ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കൺവീനർ, 3 എംഎൽഎ മാർ അംഗങ്ങൾ (കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി), 3 പഞ്ചായത്ത് പ്രസിഡന്റ് അംഗങ്ങൾ (തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ), ഐറ്റിഡിപി പി.ഒ. അംഗം, ഐസിഡിഎസ് ജില്ലാ ഓഫീസർ അംഗം, ജില്ലാ മെഡിക്കൽ ഓഫീസർ, അംഗം, ജില്ലാമിഷൻ എഡിഎംസി (സാമൂഹിക വികസനം) അംഗങ്ങളായിട്ടുള്ള ജില്ലാതല വിലയിരുത്തൽ കമ്മിറ്റി രുപീകരിക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത കമ്മിറ്റി രുപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്

6. കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു കമ്മിറ്റി രുപീകരിക്കേണ്ടതാണ്. എല്ലാ മാസവും ടി കമ്മിറ്റി ചേർന്ന് പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്. എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പ് പ്രവർത്തന പുരോഗതി, ഭൗതിക-സാമ്പത്തിക റിപ്പോർട്ടുകൾ ജില്ലാമിഷൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. പ്രവർത്തന റിപ്പോർട്ടിന്റെ പകർപ്പ് സംസ്ഥാനമിഷന് നൽകേണ്ടതാണ്.

**കമ്മിറ്റി അംഗങ്ങൾ**

1. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് – ചെയർമാൻ
2. പഞ്ചായത്ത് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗം
3. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ – കൺവീനർ
4. ഐസിഡിഎസ് സൂപ്പർവൈസർ
5. കുടുംബശ്രീ ആനിമേറ്റർ
6. ട്രൈബൽ പ്രൊമോട്ടർ
7. ആദിവാസി മേഖലയിലെ സാമൂഹ്യ പ്രവർത്തക
8. സി.ഡി.എസ് ചെയർപേഴ്സൺ
9. ജില്ലാ/ ബ്ലോക്ക്/ പഞ്ചായത്ത് മെമ്പർമാർ
10. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എസ്.ടി അംഗങ്ങൾ
11. കൃഷി ഓഫീസർ
12. ഹെൽത്ത് ഇൻസ്പെക്ടർ
13. റേഷനിംഗ് ഇൻസ്പെക്ടർ
14. വില്ലേജ് ഓഫീസർ
15. എസ്. ഐ ജനമൈത്രി പോലീസ്
16. എക്സൈസ് ഓഫീസർ
17. സാക്ഷരതാ കോർഡിനേറ്റർ

6. കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്ന 3 പഞ്ചായത്തുകളിലെയും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ ഉൾപ്പടെയുള്ളവർക്ക് പ്രസ്തുത പരിപാടിയുടെ നടത്തിപ്പ് രീതി ജില്ലാമിഷൻ മനസ്സിലാക്കി കൊടുക്കേണ്ടതാണ്.

7. പഞ്ചായത്ത് തലത്തിൽ സിഡിഎസ്സിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, കൃത്യമായി കമ്മ്യൂണിറ്റി കിച്ചൻ നടത്തിപ്പ്, ധനവിനിയോഗം, ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കൽ (സപ്ലൈകോ/ നീതി സ്റ്റോർ/കൺസ്യൂമർ ഫെഡ്

വഴി) സാധനങ്ങളുടെ ഗുണമേന്മ പരിശോധന, കൃത്യമായ അളവ് ലഭ്യമാക്കൽ എന്നിവ ജില്ലാമിഷൻ ഉറപ്പുവരുത്തേണ്ടതാണ്.

8. ജില്ലാമിഷൻ ടീം അംഗങ്ങൾ കൃത്യമായി കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം നേരിട്ട് ഫീൽഡ് സന്ദർശനം നടത്തി വിലയിരുത്തേണ്ടതാണ്.

9. കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രവർത്തനം നടക്കുന്ന പ്രദേശങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്. കൂടാതെ ഇവർക്ക് സമയബന്ധിതമായി ഭക്ഷണം നൽകേണ്ടതുമാണ്.

10. സിഡിഎസ് തലത്തിലും ഊരുതലത്തിലും പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ലെഡ്ജറുകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ അക്കൗണ്ടുകളും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച തുകയുടെ 50% ആയ **2,83,73,638/- രൂപ** ഒന്നാംഗഡുവായി വയനാട് ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ പേരിൽ കേരള ഗ്രാമീൺ ബാങ്ക് കൽപ്പറ്റ ബ്രാഞ്ചിൽ ആരംഭിച്ച **40205101036853 (IFSC Code KLGB0040205) അക്കൗണ്ടിൽ ആർ.റ്റി.ജി.എസ്.** മുഖാന്തിരം അനുവദിച്ച് നൽകുന്നതിന് കുടുംബശ്രീ സംസ്ഥാനമിഷൻ അക്കൗണ്ട്സ് സെക്ഷന് അനുമതി നൽകി ഉത്തരവാകുന്നു.

**ഡയറക്ടർ (എ&എഫ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി**
**കുടുംബശ്രീ**

**ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, വയനാട്**
**അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിന്**
**എക്സിക്യൂട്ടീവ് ഡയറക്ടറുടെ സിഎയ്ക്ക്**
**കരുതൽ / അധികം**